ഹയർ സെക്കണ്ടറിയിൽ ജൂനിയർ അദ്ധ്യാപകരായി പ്രൊമോഷൻ സ്വീകരിച്ച അദ്ധ്യാപകരെ കെ.ഇ.ആർ അദ്ധ്യായം XIV എ. ചട്ടം 34(a) പ്രകാരമുള്ള ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല. ആയതിനാൽ അവർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്ററാകാൻ കഴിയില്ല.

(ബി) ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇത് മേൽ സൂചിപ്പിച്ച ചട്ടപ്രകാരമുള്ള സ്ഥിതിയാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ
എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

226(2582) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

ഹെഡ്ക്വാർട്ടേഴ്സ് - 3, മലപ്പുറം - 2, വയനാട് - 1, ആലപ്പുഴ - 1,

കണ്ണൂർ - 1, എറണാകുളം - 1.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉന്നത തസ്തികകളിൽ പ്രൊമോഷൻ നടക്കാത്തതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യപ്പെടാത്ത എത്ര പ്രതീക്ഷിത എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ടാകുമെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ 2 ഒഴിവുകൾ.

(ഡി) പ്രൊമോഷൻ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നൽകി കാലാവധി പൂർത്തിയാകുന്ന റാങ്ക് ലിസ്റ്റിൽനിന്നും എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly